## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.161 — 25.03.2013 ന് മറുപടിയ്ക്ക്.

## ടൂറിസം പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.രാജു
ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.വി.ശശി

(എ) വനം വകുപ്പിന്റേയും വനം വികസന കോർപ്പറേഷന്റേയും കീഴിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) കേരളത്തിലെ വനമേഖലകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വനം വകുപ്പും, വനവികസന കോർപ്പറേഷനും ചേർന്ന് ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

| ജില്ല | ടൂറിസം പദ്ധതികൾ |
|---|---|
| തിരുവനന്തപുരം | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, പൊന്മുടി, അരിപ്പ, കല്ലാർ, നെയ്യാർ, പേപ്പാറ |
| കൊല്ലം | പാലരുവി, ശെന്തുരുണി, മണലാർ-കുംഭാവുരുട്ടി |
| പത്തനംതിട്ട | കൊച്ചാണ്ടി, ഗവി |
| കോട്ടയം | ചെല്ലാർകോവിൽ |
| ഇടുക്കി | കുട്ടിക്കാനം, കോലാഹലമേട്, തേക്കടി, മൂന്നാർ, ഇരവികുളം, ചിന്നാർ, ഇടുക്കി, തൊമ്മൻകുത്ത്. |
| എറണാകുളം | ഭൂതത്താൻകെട്ട്, തട്ടേക്കാട്, മംഗളവനം, കോടനാട്, മുളംകുഴി, പനേലിപോറ് |
| തൃശ്ശൂർ | ആതിരപ്പള്ളി, ചിമ്മിണി, പീച്ചി-വാഴാനി |
| പാലക്കാട് | പറമ്പിക്കുളം, ചൂളന്നൂർ, നെല്ലിയാമ്പതി, സൈലന്റ് വാലി, മലമ്പുഴ, വാളയാർ, അനങ്ങൻമല. |
| മലപ്പുറം | നിലമ്പൂർ, നെടുങ്കയം |
| കോഴിക്കോട് | ജാനകിക്കാട്, കക്കയം, പെരുവണ്ണാമുഴി, ചാലിയം, കടലുണ്ടി, തുഷാരഗിരി, കക്കാട് |

| | |
|---|---|
| വയനാട് | തോൽപ്പെട്ടി, മുത്തങ്ങ, പക്കം-കുറുവ, തിരുനെല്ലി, ബാണാസുരമല, മാനന്തവാടി, മീൻമുട്ടി, കമ്പമല |
| കണ്ണൂർ | ആറളം |
| കാസർഗോഡ് | റാണിപുരം |

(ബി) ഗവി വനം മേഖലയിൽ നടത്തുന്ന വിനോദ സഞ്ചാര പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഗവി ഇക്കോടൂറിസം വനം മേഖലയിൽ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് കേരളാ വനം വികസന കോർപ്പറേഷനാണ്. ഗവി ജലസംഭരണി, ഏലത്തോട്ടം എന്നിവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. വനപ്രദേശത്ത് ട്രക്കിംഗ്
2. ജലാശയത്തിലൂടെ ബോട്ടിംഗ്
3. വന്യജീവി സഫാരി
4. ഇക്കോലോഡ്ജായ ഗ്രീൻ മാൻഷനിൽ താമസം
5. കോട്ടേജ് ടെന്റിൽ താമസം.
6. ജംഗിൾ ക്യാമ്പിംഗ്.

(സി) ഗവി മോഡൽ മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിവിധ വനമേഖലകൾ കേന്ദ്രീകരിച്ച് ജംഗിൾ ക്യാമ്പിംഗ്, ഏറുമാടങ്ങളിൽ താമസം, ജലയാത്ര, ഹ്രസ്വദൂര-ദീർഘദൂര ട്രക്കിംഗ്, വന്യജീവി നിരീക്ഷണം, ജംഗിൾ ട്രക്കിംഗ്, പക്ഷിനിരീക്ഷണം, പ്രകൃതിപഠനം, ട്രൈബൽ ഹാംലെറ്റുകൾ സന്ദർശനം, സുഗന്ധവ്യഞ്ജന പ്ലാന്റേഷൻ സന്ദർശനം, മല കയറ്റം എന്നീ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്.

(ഡി) പരിസ്ഥിതിക്ക് കോട്ടം വരാതെ പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) വനമേഖലയിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് വനസംരക്ഷണ നിയമങ്ങൾ പാലിച്ചുകൊണ്ടും, മദ്യം, പ്ലാസ്റ്റിക്ക് പോലുള്ള വസ്തുക്കൾ പദ്ധതി പ്രദേശത്ത് നിരോധിച്ചുകൊണ്ടും പരിസ്ഥിതി സൗഹൃദപരമായി താല്ക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം പദ്ധതി പ്രദേശത്ത് അനുവദിച്ചു കൊണ്ട് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഇക്കോടൂറിസം പദ്ധതികൾ വനപ്രദേശങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.